**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

## പത്തൊൻപതാമത് റിപ്പോർട്ട്

(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 12-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2016-2019)

**പത്തൊൻപതാമത് റിപ്പോർട്ട്**

**(2018 ഫെബ്രുവരി മാസം 1-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 12-ാമത് റിപ്പോർട്ട്**
**(കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ**
**സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ**
**അടിസ്ഥാനത്തിൽ തയ്യാറാക്കിയത്**

210/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 21 |
| അനുബന്ധം II : കത്തിന്റെ പകർപ്പ് | .. | 23 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

---

* 2017 മേയ് മാസം 5-ാം തീയതിയിലെ 221-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2016-2019)യുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2011-2014)-യുടെ 12-ാമത് റിപ്പോർട്ട് (കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്)-ലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുൾപ്പെട്ടതാണ് ഈ റിപ്പോർട്ട്.

2018 ജനുവരി 30-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 1.

# റിപ്പോർട്ട്

## അദ്ധ്യായം—I

1.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ളത്) ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014) തയ്യാറാക്കി സമർപ്പിച്ച 12-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച്) 2012 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 33 ശിപാർശകളാണ് ഉള്ളത്. അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 5-8-2015, 28-1-2015 എന്നീ തീയതികളിൽ സമിതി പരിഗണിക്കുകയും 25 ശിപാർശകൾക്കുള്ള മറുപടി അംഗീകരിക്കുകയും 8 ശിപാർശകൾക്കു ലഭിച്ച മറുപടിയിൽ അധികവിവരം ആവശ്യപ്പെടുകയുമുണ്ടായി.

1.3 ടി നടപടി സ്റ്റേറ്റ്മെന്റുകളിലെ പരിശോധനയിൽ ഖണ്ഡിക 12, 13, 14, 77, 91, 183, 203, 226 എന്നിവയിന്മേൽ സർക്കാർ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി കത്തിടപാടുകൾ നടത്തിയിട്ടും ഇവയിന്മേൽ അധികവിവരങ്ങൾ സംബന്ധിച്ച നടപടി റിപ്പോർട്ടുകൾ നാളിതുവരെയായിട്ടും ലഭ്യമാക്കാത്ത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നു ലഭിച്ച മറുപടി സമിതി അംഗീകരിച്ചത്, അദ്ധ്യായം II-ലും റിപ്പോർട്ടിലെ ശിപാർശകൾ, ശിപാർശകളിന്മേൽ ലഭിച്ച സർക്കാർ മറുപടി, സമിതി ആവശ്യപ്പെട്ട അധിക വിവരം, ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച മറുപടി, തുടർശിപാർശകൾ എന്നിവ അദ്ധ്യായം III-ലും ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടികളുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും, ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം IV-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

അദ്ധ്യായം II

## സമിതി ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും സമിതി അംഗീകരിച്ചത്

## ഖണ്ഡിക നമ്പർ 109

ശിപാർശ

2.1.1 കഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിനുപയോഗിക്കാതെ പുറമെ നിന്നും മണ്ണ് കൊണ്ടു വന്ന് നിറച്ചയിനത്തിൽ പഞ്ചായത്തിന് നഷ്ടമായ 38,134/- രൂപ ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി അടിയന്തരമായി റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 പഞ്ചായത്തിന് നഷ്ടമായ 38,134/- രൂപ റവന്യൂ റിക്കവറിയിലൂടെ ശ്രീ. കെ. ടി. അശോക് കുമാറിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് 27-9-2008-ന് കത്ത് നൽകിയിരുന്നു. പ്രസ്തുത റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി അറിയിച്ചു തരുന്നതിന് 27-6-2009, 19-11-2009 എന്നീ തീയതികളിൽ ബഹു. ജില്ലാ കളക്ടർക്ക് കത്തു നൽകിയിരുന്നു. ഈ കത്തുകൾക്ക് മറുപടി ലഭിക്കാത്തതിനാൽ 20-11-2012-ന് പ്രസ്തുത വിഷയത്തിലെ പുരോഗതി അറിയിച്ചു തരുന്നതിന് കളക്ടേറ്റിലെ റവന്യൂ റിക്കവറി വിഭാഗത്തിൽ നേരിട്ട് ഹാജരായി വിവരം ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിന് റവന്യൂ റിക്കവറി തഹസീൽദാർക്ക് 21-10-2008-ന് കത്തയച്ചിട്ടുണ്ട് എന്ന വിവരം ലഭിച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർന്ന് റവന്യൂ റിക്കവറി തഹസീൽദാർക്ക് 28-11-2012-ന് വിവരം അറിയിക്കുന്നതിന് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. 8-4-2013-ന് ഓർമ്മക്കുറിപ്പ് സഹിതം താലൂക്ക് റവന്യൂ റിക്കവറി വിഭാഗത്തിൽ ഹാജരായെങ്കിലും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഇല്ലാത്തതിനാൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ അറിയാൻ സാധിച്ചിട്ടില്ല. തുക അടവാക്കേണ്ട റിട്ട. എഞ്ചിനീയർ ശ്രീ. കെ. ടി. അശോക് കുമാർ 9-10-2008-ന് മരണപ്പെട്ടുപോയ വിവരം ബോധിപ്പിക്കുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാറിപ്പോർട്ട്

2.1.3 പഞ്ചായത്തിന് നഷ്ടമായ 38,134/- രൂപ ഉത്തരവാദിയായ എഞ്ചിനീയർ ശ്രീ. കെ. ടി. അശോക് കുമാറിൽ നിന്നും ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27-9-2008-ന് ജില്ലാ കളക്ടറോട്

ശിപാർശ ചെയ്തിരുന്നു. റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി അറിയിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്കും, കോഴിക്കോട് റവന്യൂ റിക്കവറി തഹസീൽദാർക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27-6-2009, 19-11-2009, 19-11-2012, 28-11-2012 എന്നീ തീയതികളിൽ കത്തുകൾ അയച്ചെങ്കിലും പിഴപ്പലിശ സംബന്ധിച്ച വിശദാംശം കൂടി ചേർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ റിക്കവറി തഹസിൽദാർ 5-8-2014-ന് ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അർത്ഥന തിരിച്ചയച്ചു 27-9-2008-ന് ജില്ലാ കളക്ടർക്ക് അയച്ച അർത്ഥനയിൽ 8/2008 വരെയുള്ള പിഴ പലിശ 9,726/- രൂപ ഉൾപ്പെടുത്തിയിരുന്നു. ശ്രീ. കെ. ടി. അശോക് കുമാർ 9-10-2008-ന് മരണപ്പെട്ടു പോയിട്ടുണ്ടെന്ന വിവരം റവന്യൂ ഓഫീസർ, ചെറുവണ്ണൂർ-നല്ലളം അറിയിച്ചു. (ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 1-11-2010-ൽ കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിച്ചു)

## ഖണ്ഡിക നമ്പർ 170

### ശിപാർശ

2.2.1 ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിലെ തൊഴിൽരഹിത വേതനം, വിധവാ പെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് പഞ്ചായത്ത് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബാധ്യത വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്നും തിരിച്ച് ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 മടവൂർ ഗ്രാമപഞ്ചായത്ത് 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പരാമർശ പ്രകാരം അനർഹമായി കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചതിന് ഉത്തരവാദിയായവരും ബന്ധപ്പെട്ട കാലത്തെ സെക്രട്ടറിമാരും ആയിരുന്ന 1. ശ്രീമതി വിശാലാക്ഷി 2. ശ്രീമതി സ്റ്റെല്ലാ ഇഗ്നീഷ്യസ് എന്നിവരുടെ പേരിൽ ആർ. ആർ. നടപടി സ്വീകരിക്കുകയും ഇതിൽ ശ്രീമതി സ്റ്റെല്ലാ ഇഗ്നീഷ്യസ് എന്നിവരുടെ പേരിൽ കോഴിക്കോട് തഹസിൽദാർ നടത്തിയ റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കിയ 45,020/- രൂപ ചെക്ക് നമ്പർ 820404 തീയതി 12-3-2013 പ്രകാരം മടവൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. മറ്റൊരു സെക്രട്ടറിയായിരുന്ന ശ്രീമതി വിശാലാക്ഷിയുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി നോട്ടീസ് നൽകിയിരുന്നെങ്കിലും നൽകിയ നോട്ടീസ് കൈപ്പറ്റുന്നതിന് മുമ്പായി ടിയാൾ മരണപ്പെട്ട വിവരം ബോധിപ്പിക്കുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാറിപ്പോർട്ട്

2.2.3 അനർഹമായി കർഷകതൊഴിലാളി പെൻഷൻ അനുവദിച്ചതിന് ഉത്തരവാദിയായ സെക്രട്ടറിമാർ ആയിരുന്ന ശ്രീമതി സ്റ്റെല്ലാ ഇഗ്നീഷ്യസ്, ശ്രീമതി വിശാലാക്ഷി എന്നിവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു ഇതിൽ ശ്രീമതി സ്റ്റെല്ലാ ഇഗ്നേഷ്യസിന്റെ പേരിൽ റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കിയ 45,020/- രൂപ 12-3-2013-ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഈ തുക ചലാൻ നമ്പർ 19/14-06-2013 പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ കൊടുവള്ളി സബ് ട്രഷറിയിൽ അടവാക്കി. ശ്രീമതി വിശാലാക്ഷിയുടെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ആയത് കൈപ്പറ്റുന്നതിന് മുമ്പ് ടിയാൾ മരണപ്പെട്ടുവെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു

<u>അദ്ധ്യായം III</u>

## സമിതി ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 12

<u>ശിപാർശ</u>

3.1.1 മുൻ പഞ്ചായത്തു സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള 28,650 രൂപ റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന്മേൽ ബഹു. ഹൈക്കോടതി വിധിയനുസരിച്ച് തീരുമാനമെടുക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.1.2 മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ടി. ഗോപാലനിൽ നിന്നും തുക ഈടാക്കുന്നതിന് മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് എ1-308/07 തീയതി, 13-1-2009 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും തുടർന്ന് കളക്ടറുടെ റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. പി. ടി. ഗോപാലൻ ബഹു. ഹൈക്കോടതിയിൽ WP(c) നമ്പർ 9190/2009 ആയി അന്യായം ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത അന്യായം 14-6-2013-ന് ബഹു. ഹൈക്കോടതി തീർപ്പുകൽപ്പിച്ചതു പ്രകാരം ഇത് പുതിയ കേസ് ആയി പരിഗണിക്കാനും ഇതനുസരിച്ച് ലോക്കൽ ഫണ്ട് ഓഫീസർ മുൻകൂർ നോട്ടീസ് ശ്രീ. പി. ടി. ഗോപാലന് നൽകാനും, ശ്രീ. പി. ടി. ഗോപാലന്റെ മറുപടിക്കു ശേഷവും ബാധ്യത നിലനിൽക്കുകയാണെങ്കിൽ ഈടാക്കാൻ വേണ്ടി നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അടക്കം ചെയ്യുന്നു. ഇത് സംബന്ധിച്ച ഫയൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ മേൽ നടപടിക്ക് വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്തിൽ നിന്നും അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.1.3 ഡബ്ല്യു.പി(സി)9190/09 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 14-6-2013-ലെ വിധിയിൽ മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറിയായ ശ്രീ. പി. ടി. ഗോപാലന്റെ ബാധ്യത മൂന്ന് മാസത്തിനുള്ളിൽ പുനർനിർണ്ണയിക്കാൻ നിർദ്ദേശിച്ചു. ആയതിനു ശേഷം 28,650/- രൂപ ബാധ്യത നിർണ്ണയിക്കുകയും 2 മാസത്തിനുള്ളിൽ തുക തിരിച്ചടയ്ക്കാനാവശ്യപ്പെട്ടുകൊണ്ട് എൽ.എഫ്. 14047/സ്പെ.സെൽ/ സി.എസ്.സി./ഡി2/2013 തീയതി, 13-8-2013 പ്രകാരം ടിയാനെതിരെ സർചാർജ് നോട്ടീസ് നൽകുകയും നിശ്ചിത സമയത്തിനകം തുക അടവാക്കാതിരുന്നതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 11-3-2014-ന് എൽ.എഫ്.14047/സ്പെ.സെൽ/സി.എസ്.സി./ഡി2/13 നമ്പരായി സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ തുക അടവു വരാത്ത സാഹചര്യത്തിൽ പ്രസ്തുത സംഖ്യ ഈടാക്കുന്നതിന് ഒരു മാസത്തെ സമയം അനുവദിച്ചുകൊണ്ട് 23-4-2014-ലെ എ 4-3378/13 പ്രകാരം ശ്രീ. പി. ടി. ഗോപാലന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കത്തയച്ചിട്ടുണ്ട്. നിലവിൽ ശ്രീ. പി. ടി. ഗോപാലനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ജില്ലാ കളക്ടറിൽ നിന്നും സെക്രട്ടറിക്ക് ലഭിച്ചിട്ടുണ്ട്.

### സമിതി ആരാഞ്ഞ അധികവിവരം

3.1.4 റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

### തുടർ ശിപാർശ

**3.1.5 റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 13

<u>ശിപാർശ</u>

3.2.1 ഉണ്ണിക്കാട് കുടിവെള്ള പദ്ധതിയുടെ കൺവീനർക്ക് അധികം തുക (50,478+11,354) നൽകിയതുമായി ബന്ധപ്പെട്ട് എഞ്ചിനീയർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേൽ കോടതി വിധിയനുസരിച്ച് ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.2.2 കൺവീനർക്ക് അധികം തുക നൽകിയതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ബിജു, ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി) നമ്പർ 36028/08 പ്രകാരം ഫയൽ ചെയ്ത അന്യായം അന്തിമ വിധി ആയിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.2.3 3-12-2013-ലെ ഡബ്ല്യു.പി.(സി)36028/08 കേസിലെ അന്തിമ വിധിയിൽ, വിധി വന്ന് 3 മാസത്തിനുള്ളിൽ ശ്രീ. ബിജു പി. സി. ക്കെതിരെ 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രകാരം സർചാർജ് നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. അളവെടുത്തപ്പോൾ സംഭവിച്ച പിശകുമൂലം ഉണ്ണിക്കാട് കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതി കൺവീനർക്ക് അധികം ലഭിച്ച 61,832/- രൂപ തിരിച്ചടയ്ക്കുന്നതിന് അളവെടുത്ത എഞ്ചിനീയർ ശ്രീ. പി. സി. ബിജു എന്നയാൾക്കും അളവ് ചെക്ക് ചെയ്യുകയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്ത പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബാലകൃഷ്ണനും 30,916/- രൂപ വീതം അടയ്ക്കുന്നതിന് 4-4-2014-ന് എൽ.എഫ്. 14047/സ്പെ.സെൽ/സി.എസ്.സി./ഡി2/13 നമ്പരായി സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ. എ.കെ. ബാലകൃഷ്ണന് നൽകിയ സർചാർജ്ജ് നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നു. തുടർന്ന് 13-5-2014-ൽ ചീഫ് എഞ്ചിനീയർ. പി.ഡബ്ല്യു.ഡി (ബ്രിഡ്ജസ്) മുഖേന ടിയാന് സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ട്. നിയമപരമായ സമയപരിധിക്കകം തുക അടവാക്കിയില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന് മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-4-2014-ലെ എ 4-3378/13-ാം നമ്പർ കത്ത് പ്രകാരം മേൽപ്പറഞ്ഞവരെ അറിയിച്ചിട്ടുണ്ട്. ശ്രീ. ബിജു പി. സി. 12-5-2014-ന് 11401100224 രസീത് നമ്പർ പ്രകാരം 30,916/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ സഞ്ചിത നിധിയിലേക്ക് അടവാക്കിയിട്ടില്ല. ശ്രീ. എ. കെ. ബാലകൃഷ്ണൻ നാളിതുവരെ തുക അടവാക്കിയിട്ടില്ല. ടിയാനെതിരെ റവന്യൂ റിക്കവറി സ്വീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### സമിതി ആരാഞ്ഞ അധിക വിവരം

3.2.4 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുക സഞ്ചിത നിധിയിലേക്ക് അടവാക്കുന്നതിനു സ്വീകരിച്ച നടപടി സംബന്ധിച്ചും അടിയന്തര റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു

### തുടർ ശിപാർശ

**3.2.5 റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുക സഞ്ചിത നിധിയിലേക്ക് അടയ്ക്കുന്നതിന് സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 14

ശിപാർശ

3.3.1 കെ.എസ്.ഇ.ബി.യിൽ അധികം നിക്ഷേപിച്ച 7,158 രൂപ മറ്റു പദ്ധതികളിൽ ക്രമപ്പെടുത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.3.2 കെ.എസ്.ഇ.ബി.-ക്ക് അധികമായി നൽകിയ തുക 7158/- രൂപ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട ഭാവി പദ്ധതികളിൽ അഡ്ജസ്റ്റ് ചെയ്യാമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പേരാമ്പ്ര അറിയിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. വിഹിതം അടവാക്കേണ്ട പദ്ധതികൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പ്രസ്തുത തുക കെ.എസ്.ഇ.ബി. യുമായി ബന്ധപ്പെട്ട ഭാവി പദ്ധതികളിൽ ഉൾപ്പെടുത്തി ഈടാക്കുകയോ അല്ലെങ്കിൽ വൈദ്യുതി ചാർജ് ബില്ലിൽ ക്രമവൽക്കരിക്കുന്നതിന് സാദ്ധ്യത പരിശോധിക്കുകയോ ചെയ്യുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.3.3 കെ.എസ്.ഇ.ബി.യിൽ അധികമായി നിക്ഷേപിച്ച 7158/- രൂപ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ഭാവി പദ്ധതികളിൽ ക്രമീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി. സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേലുദ്യോഗസ്ഥരുടെ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക തിരികെ നൽകുകയോ അല്ലെങ്കിൽ പഞ്ചായത്തിനു കീഴിൽ വരുന്ന പദ്ധതികളിൽ ക്രമീകരിക്കുകയോ ചെയ്യുമെന്ന് പേരാമ്പ്ര ഇലക്ട്രിക്കൽ സബ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സർക്കാരിനെ ഡി.ബി/ജി.എം1/09-10 കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്. നാളിതുവരെ 7158/- രൂപ ക്രമീകരിച്ചിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

3.3.4 കെ.എസ്.ഇ.ബി. യിൽ അധികമായി നിക്ഷേപിച്ച തുക പഞ്ചായത്തിന്റെ വൈദ്യുത ചാർജ്ജ് ബില്ലിൽ അടിയന്തരമായി ക്രമവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

**തുടർ ശിപാർശ**

**3.3.5 കെ.എസ്.ഇ.ബി. യിൽ അധികമായി നിക്ഷേപിച്ച തുക പഞ്ചായത്തിന്റെ വൈദ്യുതി ചാർജ്ജ് ബില്ലിൽ ക്രമവത്കരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 77**

<u>ശിപാർശ</u>

3.4.1 അനർഹമായി തൊഴിൽ രഹിത വേതനം കൈപ്പറ്റിയ തുക തിരിച്ചടയ്ക്കാത്തവരുടെ പേരിൽ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.4.2 കൊടുവള്ളി ഗ്രാമപഞ്ചായത്തിലെ 2000-01 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 52 പ്രകാരം തൊഴിൽ രഹിത വേതനം അനർഹമായി കൈപ്പറ്റിയവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും തടസ്സപ്പെടുത്തിയ 57,020/- രൂപയിൽ അനർഹമായി കൈപ്പറ്റിയ മിക്ക ആളുകളും തുക തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിരവധി തവണ നിർദ്ദേശങ്ങൾ നൽകിയിട്ടും 8 ഗുണഭോക്താക്കൾ ബാക്കി തുകയായ 19,720/- രൂപ പഞ്ചായത്തിൽ അടയ്ക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് തീരുമാന പ്രകാരം ടി ഗുണഭോക്താക്കളിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കുന്നതിനായി ബഹു. ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. കളക്ടർ കോഴിക്കോട് തഹസീൽദാർ (റവന്യൂ റിക്കവറി) അവർകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതു പ്രകാരം മൂന്നുപേരിൽ നിന്ന് 7800/- രൂപ റിക്കവറി നടത്തി പഞ്ചായത്ത് ഓഫീസിൽ അടവാക്കിയിട്ടുണ്ട്. അവസാനമായി 29-5-2013 തീയതിയിലാണ് മൂന്നാമത്തെ ആളിൽ നിന്നും തുക ഈടാക്കിയത്. ബാക്കി 5 ഗുണഭോക്താക്കൾ അടയ്ക്കുവാനുള്ള തുകയായ 11,920/- രൂപ ഈടാക്കുന്നതിനു വേണ്ടിയുള്ള നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ അറിയിച്ചു തരുന്നതിനായി 29-7-2013, 13-11-2013, 2-4-2014 എന്നീ തീയതികളിലെ എ 3/1593/2008 നമ്പർ കത്തു പ്രകാരം ബഹു. കോഴിക്കോട് തഹസീൽദാരോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്**

3.4.3 അനർഹമായി കൈപ്പറ്റിയ തൊഴിൽ രഹിത വേതനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന 19,720/- രൂപ ബാക്കിയുള്ള 8 ഗുണഭോക്താക്കളിൽ നിന്നും വസൂലാക്കുന്നതിന് അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു.

5 ഗുണഭോക്താക്കളിൽ നിന്നും 11,680/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ട്. 3 പേരിൽ നിന്നും 8040/- രൂപ ഈടാക്കാൻ ബാക്കിയുണ്ട്. ഈ ഗുണഭോക്താക്കളുടെ പേരിൽ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിയുടെ വിവരം റിപ്പോർട്ട് ചെയ്യാൻ അപേക്ഷിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 29-7-2013, 13-11-2013, 2-4-2014 എന്നീ തീയതികളിൽ എ 3/1593/08 നമ്പർ പ്രകാരം കോഴിക്കോട് തഹസീൽദാർക്ക് കത്തെഴുതിയിട്ടുണ്ട്. നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

**സമിതി ആരാഞ്ഞ അധിക വിവരം**

3.4.4 ബാദ്ധ്യതാ തുകയായ 8040/- രൂപ മൂന്ന് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം സഹിതം അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുക.

**തുടർ ശിപാർശ**

**3.4.5 ബാദ്ധ്യതാ തുകയായ 8040/- രൂപ മൂന്ന് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം സഹിതം അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 91**

<u>ശിപാർശ</u>

3.5.1 പൊതുമരാമത്ത് വകുപ്പ് നിരക്കിൽ നിന്നും മുപ്പതു ശതമാനത്തിൽ അധികരിച്ച് ചെലവാക്കിയ തുകയും അധികം മെറ്റൽ ഉപയോഗിച്ചതിന്റെ തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.5.2 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് 1999-2000-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 30(1), (2) പൊന്നരം തെരുവ്-പുന്നത്തറ റോഡ് അറ്റകുറ്റപണിയിൽ 49% അധിക നിരക്കിൽ ടെണ്ടർ നൽകിയ വകയിൽ 39213 രൂപയും അധികം സംഭരിച്ച മെറ്റൽ (26.73)-ന്റെ വില 13103/- രൂപയും അടക്കം മൊത്തം 52316/- രൂപയുടെ ബാധ്യത അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. കെ. വേണു (റിട്ട. ഡി.ഡി.പി, തൃശ്ശൂർ) എന്നിവർക്കു നൽകിയ ഡി.സി.ആർ.ജി. യിൽ നിന്നും കുറവു വരുത്തി പഞ്ചായത്തിന്റെ VPF AI അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 99-08-11-ലെ എച്ച്3-26736/08 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KSR Part-III, Rule 116 പ്രകാരം മേൽ സൂചിപ്പിച്ച മുഴുവൻ തുകയും തിരിച്ചടയ്ക്കും എന്ന കരാർ ഉടമ്പടി ഒപ്പിട്ടു

വാങ്ങി ശ്രീ. കെ. കെ. വേണു എന്നവർക്ക് 27-9-2011-ന് തുക നൽകുകയും ചെയ്തു. ബഹു. പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവ് പ്രകാരം ടിയാന്റെ ബാധ്യതയും മറ്റു വ്യക്തിപരമായ ബാധ്യതകളും തിട്ടപ്പെടുത്തി സർക്കാരിന്റെ 14-6-2011-ലെ 54243/എബി1/തസ്വഭവ കത്തിന്റെ നിർദ്ദേശപ്രകാരം KSR Part-III, Rule 116 പ്രകാരമുള്ള നടപടി സ്വീകരിച്ച് മേൽ തുക തിരിച്ചു പിടിക്കാനും ആവശ്യപ്പെട്ടതനുസരിച്ച് 12-12-2011-ന് ശ്രീ. വേണു എന്നവരോട് 15 ദിവസത്തിനകം ബാധ്യതകൾ തീർക്കാൻ രേഖാമൂലം അറിയിച്ചിരുന്നു. എന്നാൽ വ്യക്തമായ സർക്കാർ ഉത്തരവിന്റെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ആയതിനാൽ സർക്കാരിൽ നിന്നും അനുകൂല നടപടികൾ ഉണ്ടാവുന്നതിന് ഭരണസമിതി തീരുമാനമെടുക്കണമെന്നപേക്ഷിച്ചുകൊണ്ട് 17-12-2011 തീയതിയിൽ പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും ശ്രീ. വേണു കത്ത് നൽകുകയാണ് ചെയ്തത്. തുടർന്ന് ഗ്രാമപഞ്ചായത്ത് ശ്രീ. വേണുവിന്റെ പേരിൽ റവന്യൂ റിക്കവറി നടപടി കൈക്കൊള്ളുന്നതിന് ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് എന്ന വിവരം ബോധിപ്പിക്കുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.5.3 ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പൊന്നരം തെരുവ്-പുന്നത്തറ റോഡ് അറ്റകുറ്റപണിയിൽ 49% അധിക നിരക്ക നൽകിയതു കാരണം പഞ്ചായത്തിനുണ്ടായ 52,316/- രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്ത് ഡയറക്ടറുടെ 11-5-2010-ലെ എച്ച്3/26736/08-ാം നമ്പർ ഉത്തരവു പ്രകാരം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. കെ. വേണുവിൽ നിന്ന് ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ കുറവ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്.എ-1 അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു. പിന്നീട് പഞ്ചായത്ത് ഡയറക്ടറുടെ 29-8-2011-ലെ എച്ച്3/26736/08 നമ്പർ ഉത്തരവ് പ്രകാരം ടി തുക കെ.എസ്.ആർ. ഭാഗം III ചട്ടം 116 പ്രകാരം തിരിച്ചു പിടിക്കും എന്ന നിബന്ധനയോടു കൂടി 52316/- രൂപ ശ്രീ. കെ. കെ. വേണുവിന് തിരികെ നൽകുകയുണ്ടായി. തുടർന്ന് 52316/- രൂപയിൽ ശ്രീ. കെ. കെ. വേണുവിന്റെ ബാധ്യതയായ 39213/- രൂപ ഈടാക്കുന്നതിന് ടിയാന് 13-12-2011-ൽ ഗ്രാമപഞ്ചായത്ത് എ 2/9666/11 പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. 13,103/- (52316-39213) രൂപയുടെ ബാധ്യത നിശ്ചയിച്ച അന്നത്തെ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് എഞ്ചിനീയറായിരുന്ന ശ്രീ. കെ. ഇസ്മായിൽ കുട്ടിയിൽ നിന്നും ടി തുക ഈടാക്കുന്നതിന് 15 ദിവസത്തെ സമയമനുവദിച്ചുകൊണ്ട് 13-5-2013-ന് എ 2/9666/11(3) പ്രകാരം നോട്ടീസ് അയച്ചു. എന്നാൽ നാളിതുവരെ തുക ഈടാക്കിയിട്ടില്ല. ശ്രീ. കെ. കെ. വേണുവിൽ നിന്നും തുക ഈടാക്കുന്നതിനായി ആർ.ആർ/2013/5548/11 തീയതി, 28-9-2013 പ്രകാരം റിക്വിസിഷൻ ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. തുടർ വിവരം ലഭ്യമല്ല.

**സമിതി ആരാഞ്ഞ അധിക വിവരം**

3.5.4 ഓഡിറ്റ് പരാമർശ കാലത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. കെ. വേണുവിൽ നിന്നും 39,213/- രൂപയും എഞ്ചിനീയറായ ശ്രീ. കെ. ഇസ്സുയിൽ കട്ടിയിൽ നിന്നും 13,103/- രൂപയും സാധാരണ പലിശ സഹിതം ഈടാക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

**തുടർ ശിപാർശ**

**3.5.5 ഓഡിറ്റ് പരാമർശ കാലത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. കെ. വേണുവിൽ നിന്ന് 39213/-രൂപയും എഞ്ചിനീയറായ ശ്രീ. കെ. ഇസ്സുയിൽ കട്ടിയിൽ നിന്ന് 13103/- രൂപയും സാധാരണ പലിശ സഹിതം ഈടാക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 183**

ശിപാർശ

3.6.1 ജല വിഭവ വകുപ്പിന്റെ സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം വിട്ടുകിട്ടുന്നതിലേക്കുവേണ്ട അടിയന്തര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

3.6.2 കായക്കൊടി ഗ്രാമപഞ്ചായത്ത് 1998-99-ൽ പഞ്ചായത്തിന്റെ അധീനതയിലാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പിന്റെ സ്ഥലത്ത് നിർമ്മിച്ച മത്സ്യ മാർക്കറ്റ് പൊളിച്ച് മാറ്റുന്നതിന് ജലസേചന വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഈ സ്ഥലം വിട്ടുകിട്ടുന്നതിലേക്ക് 20-7-1999, 7-11-2000, 31-7-2002 എന്നീ തീയതികളിൽ ജലസേചന വകുപ്പിനും പഞ്ചായത്ത് വകുപ്പിനും അപേക്ഷ നല്കിയെങ്കിലും പ്രസ്തുത നിർമ്മാണം നീക്കം ചെയ്യാനാണ് നിർദ്ദേശം ലഭിച്ചത്. ഇതിനിടയിൽ പ്രവൃത്തി നടത്തിയ കമ്മിറ്റി കൺവീനർ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഓഡിറ്റ് തടസ്സം കാരണം ലഭിക്കാത്തതിനാൽ, ഹൈക്കോടതിയിൽ ഡബ്ല്യു.പി(സി) നമ്പർ 3578/13 പ്രകാരം കേസ് ഫയൽ ചെയ്തതിനാൽ ടി വിഷയത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു.

**സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്**

3.6.3 1998-99-ൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന ബോധ്യത്തിൽ ജലസേചന വകുപ്പിന്റെ സ്ഥലത്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ടി അവസാനമായി 24-3-2014 ന് എ 3-1326/14-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജലസേചന വകുപ്പ് സെക്രട്ടറിക്ക് കത്തയച്ചിരുന്നു.

സ്ഥലം പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതിനുള്ള നടപടികളൊന്നും പിന്നീട് ഉണ്ടായിട്ടില്ല. മത്സ്യ മാർക്കറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തി 2,47,500/- രൂപ എസ്റ്റിമേറ്റിൽ, കൺവീനറായിരുന്ന ശ്രീ.ചന്ദ്രൻ, ചുർകഴി എന്നയാൾ നടത്തുകയും 18-8-2000-ന് ബിൽ സമർപ്പിക്കുകയുമുണ്ടായി. പ്രവൃത്തിക്ക് പല തവണകളായി 1,89,197/- രൂപ കൺവീനർക്ക് അനുവദിക്കുകയുണ്ടായി. ഫൈനൽ ബിൽ പ്രകാരം 50,398/- രൂപ കൺവീനർക്ക് നൽകാൻ ബാക്കിയുണ്ടായിരുന്നു. ഈ തുക പഞ്ചായത്ത് അനുവദിക്കാത്തതിനെത്തുടർന്ന് ഡബ്ല്യു.പി (സി) നമ്പർ 3578/13 നമ്പരായി കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ 15-1-2014-ലെ വിധിന്യായത്തിൽ കൺവീനറായിരുന്ന ശ്രീ.ചന്ദ്രന് ഫൈനൽ ബിൽ പ്രകാരമുള്ള ബാക്കി തുക 50,803/- രൂപയും പ്രസ്തുത തുകയ്ക്ക് 7% പലിശയും നൽകുന്നതിന് നിർദ്ദേശിച്ചു. അതിൻപ്രകാരം പഞ്ചായത്ത് ശ്രീ. ചന്ദ്രന് 31-3-2014-ൽ 98,318/-രൂപ (47,515/-രൂപ പലിശയുൾപ്പെടെ) നൽകി. മേൽ വിധി പ്രകാരം പലിശയിനത്തിൽ നൽകിയ തുകയായ 47,515/- രൂപ, കൺവീനർക്ക് കരാർ പ്രകാരമുള്ള തുക നൽകാൻ കാലതാമസം വരുത്തിയവരിൽ നിന്നും ഈടാക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ അത്തരമൊരു നടപടി പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

3.6.4 ജലസേചനം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ മേധാവികൾ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച നടത്തി പഞ്ചായത്ത് ഫണ്ട് നഷ്ടമാകാത്ത വിധം കെട്ടിടം ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക.

### തുടർ ശിപാർശ

**3.6.5 ജലസേചനം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ മേധാവികൾ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച നടത്തി പഞ്ചായത്ത് ഫണ്ട് നഷ്ടമാകാത്ത വിധം കെട്ടിടം ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### ഖണ്ഡിക നമ്പർ 203

### <u>ശിപാർശ</u>

3.7.1 ചട്ടങ്ങൾ പാലിക്കാതെ മരാമത്തു പ്രവൃത്തികൾ ചെയ്ത വകയിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്ന പക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാനും അല്ലാത്തപക്ഷം ബാധ്യത ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.7.2. ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ പ്രസ്തുത സമയത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമായ

ശ്രീ. ബി. നാരായണൻ നായർ മരണപ്പെട്ടതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് തടസ്സം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്നതിന് പഞ്ചായത്ത് 19-8-2013-ൽ 139/13 നമ്പരായി തീരുമാനമെടുക്കുകയും ആയതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നുമുള്ള വിവരം ബോധിപ്പിക്കുന്നു.

## സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.7.3. താമരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 19-8-2013-ലെ സാധാരണ യോഗത്തിലെ 139-ാം നമ്പർ തീരുമാനപ്രകാരം ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് മാപ്പാക്കി പ്രസ്തുത നടപടിക്ക് സാധൂകരണം ലഭ്യമാക്കാൻ സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു. ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദിയായ ശ്രീ. ബി. നാരായണൻ നായർ ഇപ്പോൾ ജീവിച്ചിരിപ്പില്ല എന്നും മേൽ യോഗം വിലയിരുത്തിയിട്ടുണ്ട്. തുടർന്ന് 24-9-2013-ലെ ബി1/11389/(2)/13 നമ്പർ കത്ത് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്നതിലുണ്ടായ വീഴ്ച മാപ്പാക്കി 61 പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനായി 287980/- രൂപ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. നാളിതുവരെ സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചതായി ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല.

## സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ

3.7.4. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2,87,980/- രൂപ ചെലവഴിച്ചതു സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭ്യമാക്കി നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക.

## തുടർ ശിപാർശ

**3.7.5. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2,87,980/- രൂപ ചെലവഴിച്ചതു സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യു.**

## ഖണ്ഡിക നമ്പർ 226

<u>ശിപാർശ</u>

3.8.1. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബഹു. ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.8.2. 1998-99-ലെ സമഗ്ര നാളികേര വികസന പരിപാടി - സാമൂഹ്യ ജലസേചന പദ്ധതി, കട്ടത്തടുക്ക കൺവീനറായ ശ്രീ. സിദ്ധിഖ് അലി, S/o അബ്ദുള്ള എന്നിവരുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടിയിൽ WP(C)No.970/09 കേസ് നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നടപടി തുടർന്നു വരുന്നതായി പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) കേസ് തീർപ്പാകുന്നമുറയ്ക്ക് ബഹു. ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

3.8.3. 1998-99-ലെ സമഗ്ര നാളികേര വികസന പരിപാടി - സാമൂഹ്യ ജലസേചന പദ്ധതി, കട്ടത്തടുക്ക കൺവീനറായ ശ്രീ. സിദ്ധിഖ് അലി, S/o അബ്ദുള്ള എന്നിവരുടെ പേരിലുള്ള റവന്യൂ റിക്കവറി നടപടികളിന്മേലുള്ള WP(C)No.970/09 കേസിൽ നടപടികൾ തുടർന്നു വരുന്നതായി എടനാട് വില്ലേജ് ഓഫീസർ 18-6-2013-ന് പുത്തിഗെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച 169/13 നമ്പർ കത്തിൽ വിശദമാക്കിയിട്ടുണ്ട്. ഹൈക്കോടതി വിധിന്യായം നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ

3.8.4. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ടി കേസിന്റെ നിലവിലെ സ്ഥിതിയും റിപ്പോർട്ട് ചെയ്യുക.

### തുടർശിപാർശ

**3.8.5. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ടി കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം- IV

## സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകൾ

### ഖണ്ഡിക നമ്പർ 20

ശിപാർശ

4.1.1. മണൽ റോയൽറ്റി പിരിവിൽ നിന്നും 54,157/- രൂപ അപഹരിച്ചതുമായി ബന്ധപ്പെട്ട തുക പിഴപ്പലിശ സഹിതം തിരിച്ചടച്ചതായി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.1.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 47**

ശിപാർശ

4.2.1. ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് തുക തിരിച്ചു പിടിക്കേണ്ട സാഹചര്യമില്ലെന്ന സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നു.

4.2.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 50**

ശിപാർശ

4.3.1. ഷോപ്പിംഗ് സെന്ററിന്റെ പണി പൂർത്തീകരിച്ചതായും കെട്ടിടം വാടകയ്ക്കു നൽകുന്നതിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും പ്രസ്തുത കാര്യം പരിശോധിച്ചു ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടിയുടെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.3.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 55**

ശിപാർശ

4.4.1. ഓഡിറ്റ് നിരാകരിച്ച തുക പലിശ സഹിതം ഈടാക്കിയതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.4.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 58**

ശിപാർശ

4.5.1. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ചെലവ് ചെയ്തതിന് ഡി.പി.സി. അംഗീകാരമുണ്ടെന്നും പരാമർശം ഒഴിവാക്കാമെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.5.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 64**

ശിപാർശ

4.6.1. വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുള്ള 23,171/- രൂപ ചെറുകാട് ശുദ്ധജല വിതരണ പദ്ധതിക്കായി മാറ്റി വയ്ക്കാൻ എലത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

4.6.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 68**

ശിപാർശ

4.7.1. ബസ് സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് നഷ്ടം സംഭവിച്ച 53,822/- രൂപ പഞ്ചായത്തു ഫണ്ടിൽ തിരിച്ചടച്ചതിന്റെ രേഖകൾ ഓഡിറ്റു വകുപ്പു പരിശോധിച്ചു ബോധ്യപ്പെട്ടതായി റിപ്പോർട്ടു ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.7.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 71**

ശിപാർശ

4.8.1. ഓട്ടു മേയൽ-ജനറൽ/എസ്.സി. വിഭാഗങ്ങൾക്കു ധനസഹായം എന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.8.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 98**

ശിപാർശ

4.9.1. 'ജലസംഭരണി പാഴ്ചെലവ്' എന്ന ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്ത് സെക്രട്ടറിയും കോഴിക്കോട് ഡി.ഡി.പി.യും നൽകിയ വിശദീകരണം ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.9.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 118**

ശിപാർശ

4.10.1. ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിന്റെ ഭരണനേട്ടങ്ങളും ധനവിനിയോഗവും സംബന്ധിച്ച് അവലോകന റിപ്പോർട്ട് പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ 59,510/- രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കിയതിനാൽ ഓഡിറ്റ് ഖണ്ഡിക ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.10.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 136**

ശിപാർശ

4.11.1. പഞ്ചായത്തിനു നഷ്ടമായ 73,975/- രൂപ ഈടാക്കിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുകയും ചെയ്യുന്നു.

4.11.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 140**

ശിപാർശ

4.12.1. 'ടെണ്ടർ വേലകളുടെ ഗുണമേന്മ ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പു വരുത്തിയില്ല' എന്ന പരാമർശവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.12.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 176**

ശിപാർശ

4.13.1. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.13.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 229**

ശിപാർശ

4.14.1. ധനസഹായ തുക ക്രമപ്രകാരം തന്നെയാണ് ചെലവഴിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് വകുപ്പിനു ബോധ്യപ്പെട്ടതായുള്ള റിപ്പോർട്ട് അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

4.14.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 233**

ശിപാർശ

4.15.1. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.15.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 237**

ശിപാർശ

4.16.1. എം. ബുക്ക് പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.16.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു

**ഖണ്ഡിക നമ്പർ 243**

ശിപാർശ

4.17.1. കോടതിയുടെ സ്റ്റേ ഉത്തരവുമൂലമാണ് വ്യവസായ കേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതെന്നും പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക പഞ്ചായത്തിന്റെ ഇതര പദ്ധതികൾക്ക് വിനിയോഗിച്ച് ചെലവ് കാണിച്ചിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.17.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 254

<u>ശിപാർശ</u>

4.18.1. പരാമർശ വിധേയമായ റോഡ് ടാറിംഗ് നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. മെഷർമെന്റ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4.18.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 265

<u>ശിപാർശ</u>

4.19.1. ധനവിനിയോഗം സംബന്ധിച്ച് ക്രമക്കേടുകൾ നടന്നിട്ടില്ലാത്തതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കന്നുകാലി വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കാതെയിരുന്ന നിർവ്വഹണോദ്യോഗസ്ഥരുടെ നടപടിയെ സമിതി കുറ്റപ്പെടുത്തുകയും ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു.

4.19.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 269

<u>ശിപാർശ</u>

4.20.1. ഓഡിറ്റ് തടസ്സപ്പെടുത്തിയ 81,000/- രൂപയ്ക്ക് സർക്കാർ സാധൂകരണം ലഭ്യമായ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.20.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 274

<u>ശിപാർശ</u>

4.21.1. ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് പ്രവൃത്തികളുടെയും പണി പൂർത്തിയാക്കി അന്തിമ ബിൽ ക്രമപ്പെടുത്തിയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.21.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 278**

ശിപാർശ

4.22.1. ഓഡിറ്റ് പരാമർശത്തിലെ രണ്ട് പ്രവൃത്തികളും കൺവീനർ പൂർത്തീകരിച്ചതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും പ്രവൃത്തിയുടെ കാലപ്പഴക്കം കണക്കിലെടുത്തും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ഭാവിയിൽ മരാമത്തു പണികൾ നടപ്പിലാക്കുമ്പോൾ ക്രമപ്രകാരമായിരിക്കണം കാര്യങ്ങൾ ചെയ്യേണ്ടതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്യുന്നു.

4.22.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

**ഖണ്ഡിക നമ്പർ 280**

ശിപാർശ

4.23.1. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4.23.2. സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിച്ചു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2018 ഫെബ്രുവരി 1.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 3.1.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 3.2.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുക സഞ്ചിത നിധിയിലേക്ക് അടയ്ക്കുന്നതിന് സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 3.3.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | കെ.എസ്.ഇ.ബി.യിൽ അധികമായി നിക്ഷേപിച്ച തുക പഞ്ചായത്തിന്റെ വൈദ്യുതി ചാർജ്ജ് ബില്ലിൽ ക്രമവത്കരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 3.4.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | ബാദ്ധ്യതാ തുകയായ 8040/- രൂപ മൂന്ന് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടി സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാക്കാത്തതിനുള്ള കാരണം സഹിതം അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | 3.5.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശ കാലത്തെ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. കെ. വേണുവിൽ നിന്ന് 39213/-രൂപയും എഞ്ചിനീയറായ ശ്രീ. കെ. ഇസ്മയിൽ കുട്ടിയിൽ നിന്ന് 13103/- രൂപയും സാധാരണ പലിശ സഹിതം ഈടാക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | 3.6.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | ജലസേചനം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ മേധാവികൾ പ്രസ്തുത വിഷയം സംബന്ധിച്ച് ചർച്ച നടത്തി പഞ്ചായത്ത് ഫണ്ട് നഷ്ടമാകാത്ത വിധം കെട്ടിടം ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 3.7.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2,87,980/- രൂപ ചെലവഴിച്ചതു സംബന്ധിച്ച് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 3.8.5 | തദ്ദേശ സ്വയംഭരണ വകുപ്പ് | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ടി കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

23
അനുബന്ധം II

നം. ബി2-3129/2013

പുത്തിഗെ ഗ്രാമ പഞ്ചായത്ത് ഓഫീസ്
തിയ്യതി 18/06/2013

പ്രേഷകൻ,

സെക്രട്ടറി,
പുത്തിഗെ ഗ്രാമ പഞ്ചായത്ത്
പി.ഒ.പുത്തിഗെ , കാസറഗോഡ്

സ്വീകർത്താവ്,

ഗവൺമെന്റ് സെക്രട്ടറി
തദ്ദേശസ്വയംഭരണ(എ ബി) വകുപ്പ്,
തിരുവനന്തപുരം

സാർ,

വിഷയം : പുത്തിഗെ ഗ്രാമ പഞ്ചായത്ത് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2011-2014) - 12-ാം നമ്പർ റിപ്പോർട്ട്- സംബന്ധിച്ച്:

സൂചന : താങ്കളുടെ 03-06-2013 ാം തിയ്യതിയിലെ 16467/എബി2/13/ത സ്വ ഭ വ നമ്പർ കത്ത്.

*************************************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

പുത്തിഗെ ഗ്രാമ പഞ്ചായത്തിലെ 1998 - 99ലെ സമഗ്ര നാളികേരവികസന പരിപാടി - സാമൂഹ്യ ജലസേചന പദ്ധതി.കട്ടത്തടുക്ക.കൺവീനറായ ശ്രീ.സിദ്ധീഖ് അലി S/o അബ്ദുള്ള എന്നവരുടെ പേരിലുള്ള റെവന്യൂ റെക്കവരി നടപടിയിൽ WP (c) നമ്പർ 970/09 കേസ് നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നടപടി തുടർന്ന് വരുന്നതായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരം ഇതിനാൽ അങ്ങയെ അറിയിച്ചുകൊള്ളുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.